16

# യേശുവിന്റെ ഉയിർത്തെഴുന്നേല്പ്

**മത്തായി 28; മർക്കൊസ് 16;**
**ലൂക്കൊസ് 24; യോഹന്നാൻ 20; 21**

*"ദൂതൻ സ്ത്രീകളോടു, 'ഭയപ്പെടേണ്ടാ; ക്രൂശിക്കപ്പെട്ട യേശുവിനെ നിങ്ങൾ അന്വേഷിക്കുന്നു എന്നു ഞാൻ അറിയുന്നു. അവൻ ഇവിടെ ഇല്ല, താൻ പറഞ്ഞതുപോലെ അവൻ ഉയിർത്തെഴുന്നേറ്റു. ... അവൻ മരിച്ചവരുടെ ഇടയിൽ നിന്നു ഉയിർത്തെഴുന്നേറ്റു എന്നു വേഗം ചെന്നു അവന്റെ ശിഷ്യന്മാരോടു പറവിൻ ...'" (മത്തായി 28:5-7).*

ഞായറാഴ്ച്ച കല്ലറ ശൂന്യമായിരുന്നു. ഒരു ദൂതൻ ചോദിച്ചു, "നിങ്ങൾ ജീവനുള്ളവനെ മരിച്ചവരുടെ ഇടയിൽ അന്വേഷിക്കുന്നതു എന്ത്? അവൻ ഇവിടെ ഇല്ല, ഉയിർത്തെഴുന്നേറ്റിരിക്കുന്നു" (ലൂക്കൊസ് 24:5, 6). ശൂന്യമായ കല്ലറ ഇല്ലായിരുന്നെങ്കിൽ, ലോകം യേശുവിനെ ഒരിക്കലും അറിയുമായിരുന്നില്ല. മറ്റു മതങ്ങളിൽ നിന്നു ക്രിസ്ത്യാനിത്വത്തെ വേർപെടുത്തി നിർത്തുന്നതു ഉയിർത്തെഴുന്നേല്പാണ്!

യേശു അബോധാവസ്ഥയിൽ നിന്നുണരുകയോ, പുനരവതരിക്കുകയോ, അല്ലെങ്കിൽ പ്രത്യുല്പാദിപ്പിക്കപ്പെടുകയോ ആയിരുന്നില്ല; അവൻ ഉയിർത്തെഴുന്നേല്ക്കുകയായിരുന്നു. അവൻ "മരണത്തിലൂടെ കടന്നു മറ്റൊരു ലോകത്തിലേക്കു, മരണമില്ലാത്ത സൃഷ്ടിയുടെ ലോകത്തിലേക്കു വന്നു, അപ്പോഴും അവൻ ഭൗതികാവസ്ഥയിൽ രൂപാന്തരപ്പെട്ടിരിക്കുന്നു."[1] ചരിത്രത്തിൽ മറ്റാർക്കും സംഭവിച്ചിട്ടില്ലാത്തതു യേശുവിനു സംഭവിച്ചതായിട്ടാണ് ക്രിസ്ത്യാനിത്വം അവകാശപ്പെടുന്നത്. നമ്മുടെ ക്രിസ്തീയ പ്രത്യാശ ആത്മാവിന്റെ അനശ്വരത്വം മാത്രമല്ല, പക്ഷെ നമ്മുടെ ശരീരങ്ങളുടെ പുനരുത്ഥാനവും രൂപാന്തരവുമാണ്.

മിക്ക മതങ്ങൾക്കും വിശുദ്ധ സ്ഥലങ്ങൾ ഉണ്ട്; ക്രിസ്ത്യാനിത്വത്തിനു അത്തരം വിശുദ്ധ സ്ഥലമില്ല. മറ്റു മതങ്ങൾക്കു കല്ലറകൾ ഉണ്ട്; ക്രിസ്ത്യാനിത്വത്തിനു ഇല്ല. "മരിച്ച രക്ഷകനെ" കൊണ്ട് എന്തുപകാരമാണുള്ളത്?

ഉയിർത്തെഴുന്നേറ്റതു ആരും കണ്ടിട്ടില്ല. അവിടെ ആരു*ണ്ടായി*

*രുന്നു*? അവിടെ ദൈവം ഉണ്ടായിരുന്നോ? ദൈവം യേശുവിനെ ഉയിർപ്പിച്ചു.[2] പരിശുദ്ധാത്മാവു അവിടെ ഉണ്ടായിരുന്നോ? യേശുവിനെ ആത്മാവു ഉയിർപ്പിച്ചു എന്നു പൗലൊസ് പറയുന്നുണ്ട് (റോമർ 8:10, 11). ദൂതന്മാർ അവിടെ ഉണ്ടായിരുന്നോ? നമുക്ക് അറിയില്ല. മനുഷ്യർ ആയിരുന്നില്ല! ശൂന്യമായ കല്ലറ കാരണം, യേശു ദൈവത്തിന്റെ പുത്രനാണ് എന്നു ക്രിസ്ത്യാനികൾ വിശ്വസിക്കുന്നു! അവന്റെ ശരീരത്തിലെ ഒരു അസ്ഥി എങ്കിലും കണ്ടിരുന്നെങ്കിൽ ക്രിസ്ത്യാനിത്വം നശിക്കുമായിരുന്നു. പൗലൊസ് പറഞ്ഞു, "അങ്ങനെ ഞാൻ അവനെയും അവന്റെ പുനരുത്ഥാനത്തിന്റെ ശക്തിയെയും അറിയേണ്ടതിനും" (ഫിലിപ്പിയർ 3:10). യേശു ഭൗതികമായി മരിക്കുകയും അക്ഷരികമായി ഉയിർത്തെഴുന്നേൽക്കുകയുമായിരുന്നു. അതിനർത്ഥം അവൻ ഇന്നു ജീവനോടിരിക്കുന്നു എന്നാണ്. കൂടാതെ നമുക്ക് ഇന്നു അവനെ വിശ്വസിക്കുവാനും അനുസരിക്കുവാനും കഴിയും എന്നർത്ഥം. അതാണ് സുവിശേഷ സന്ദേശം! ക്രിസ്തീയ പ്രത്യാശ മരണശേഷമുള്ള ജീവിതം മാത്രമല്ല, എന്നാൽ ജീവിത, *കാലയളവാണ്*! അവൻ പറഞ്ഞു, "ഞാൻ തന്നേ പുനരുത്ഥാനവും ജീവനും ആകുന്നു ..." (യോഹന്നാൻ 11:25, 26); "ഞാൻ തന്നേ വഴിയും, സത്യവും, ജീവനും ആകുന്നു" (യോഹന്നാൻ 14:6).

ഉയിർത്തെഴുന്നേല്പു വാസ്തവത്തിൽ സംഭവിച്ചില്ലായിരുന്നെങ്കിൽ അത് അർത്ഥമില്ലാത്തതാകുമായിരുന്നു. യേശു ഒരു കള്ളനോ, വഞ്ചകനോ, തട്ടിപ്പുകാരനോ അല്ല. ക്രൂശ് കെട്ടുകഥയല്ല; അതൊരു കേട്ടുകേൾവിയോ അല്ലെങ്കിൽ ദൃഷ്ടാന്തപരമോ അല്ല. അവന്റെ മരണവും, അടക്കവും, ഉയിർത്തെഴുന്നേല്പും വാസ്തവമായിരുന്നു. യേശു ചരിത്രപരമാണ്. ക്രിസ്ത്യാനികൾക്ക് ഒരു ശവക്കോട്ടയോ ഒരു കല്ലറയോ ഉണ്ടാവില്ല, കാരണം ക്രിസ്തുവിന്റെ കല്ലറ ശൂന്യമാണ്. അവന്റെ കല്ലറ ശൂന്യമായിരുന്നു എന്നതു ആരും നിഷേധിക്കയില്ല!

### അടക്കം

നരകത്തിൽ സാത്താനു എപ്പോഴെങ്കിലും ഒരു വിരുന്നുണ്ടായിരുന്നു എങ്കിൽ, അത് ആ പെസഹയിലെ ശബ്ബത്തിൽ യേശു ജഡമായി തീർന്നപ്പോഴായിരിക്കും. എന്നാൽ, യേശുവിന്റെ ഉയിർത്തെഴുന്നേല്പു സാത്താന്റെ ഉല്ലാസത്തെ അവസാനിപ്പിക്കുകയും, നിത്യതയിലുടനീളം, സ്വർഗ്ഗീയ സന്തോഷത്തെ ലോകവ്യാപകമാക്കുകയും ചെയ്തു.

ക്രിസ്തുവിന്റെ മരണം, *അടക്കം*, ഉയിർത്തെഴുന്നേല്പു ആണ് സുവിശേഷ സന്ദേശം (1 കൊരിന്ത്യർ 15:1–4). അടക്കത്തെ വിട്ടുകൊണ്ടു നമുക്കു മരണത്തെയും ഉയിർപ്പിനെയും ചിന്തിക്കുവാൻ പ്രയാസമാണ്. അടക്കം മരണത്തെ ആവശ്യപ്പെടുന്നു. അധികാരികളെ വിഡ്ഢിയാക്കുവാൻ, യേശു മോഹാലസ്യപ്പെട്ടു അല്ലെങ്കിൽ കോമയിലായിരുന്നു എന്നാണ് സംശയാലുക്കൾ പറഞ്ഞ കഥ. യേശുവിന്റെ ജഡം വെച്ചിരുന്നതു ദൂതന്മാർ ചൂണ്ടിക്കാണിക്കയുണ്ടായി (മത്തായി 28:6; മർക്കൊസ് 16:6). ഉയിർത്തെഴുന്നേല്പു മരണത്തെയും അടക്കത്തെയും ആവശ്യപ്പെടുന്നു. അടക്കം ഒരു ശരീരത്തെ ആവശ്യപ്പെടുന്നു.

അടക്കം നിലവിളിച്ചു, "എല്ലാവരും നഷ്ടപ്പെട്ടു. മരണം ജയിച്ചു;

ജീവൻ നഷ്ടമായി." വെള്ളിയാഴ്ച്ചയിൽ സാഹചര്യം നിരുത്സാഹജനകമായിരുന്നു, എന്നാൽ ഞായറാഴ്ച്ച ഉയിർത്തെഴുന്നേല്പു സംഭവിച്ചു!

"മുൻകൂട്ടി - നിശ്ചയിച്ച സംസ്ക്കാരം" യേശുവിനുണ്ടായിരുന്നില്ല. അവന്റെ വീട്ടുകാരോ അവന്റെ അപ്പൊസ്തലന്മാരോ അവനെ അടക്കിയില്ല. ദൈവത്തിന്റെ കരുണയിൽ നമുക്ക് അതിശയിക്കാം! ക്രിസ്തു പാപ്പരായിട്ടാണ് മരിച്ചത്, എന്നാൽ അവനെ അടക്കിയതു ഒരു രാജാവിനെ പോലെ ആയിരുന്നു! അരിമഥ്യക്കാരനായിരുന്ന യോസേഫും, നിക്കൊദെമോസും, ചില സ്ത്രീകളും, യേശുവിന്റെ ശരീരം ശീലകളാൽ ചുറ്റി, വിലയേറിയ സുഗന്ധതൈലവും പൂശി, ഒരു പുതിയ കല്ലറയിൽ അടക്കി (മത്തായി 27:57–61; മർക്കൊസ് 15:42–47; ലൂക്കൊസ് 23:50–56; യോഹന്നാൻ 19:38–42). ദൈവം തനിക്കുള്ളവരെ നോക്കിക്കൊള്ളും!

നിങ്ങൾ മരിച്ചവരെ മാത്രമാണ് അടക്കുന്നത്. അവൻ മരിച്ചു എന്നു പിലാത്തൊസും, യോസേഫും, നിക്കോദെമോസും, സ്ത്രീകളും മനസ്സിലാക്കിയിരുന്നു. യേശുവിനെ സംബന്ധിച്ച ഏറ്റവും അടിസ്ഥാനപരമായും സ്ഥിരീകരിക്കപ്പെട്ടതുമായ വസ്തുതയാണ് യേശുവിന്റെ മരണം.

**മൂന്നു ദിവസങ്ങൾ**

ഉയിർത്തെഴുന്നേല്പു ദിവസമായ ഞായർ മുതൽ പുറകോട്ട് എണ്ണി, ചിലർ യേശുവിനെ ക്രൂശിൽ തറച്ചതു ബുധനാഴ്ച്ചയായി കണക്കാക്കുന്നു. ആഴ്ച്ചയിൽ അത്രത്തോളം പുറകോട്ടു പോയാൽ, സുവിശേഷങ്ങളിൽ വിവരിച്ചിരിക്കുന്ന യേശുവിന്റെ പ്രവൃത്തികൾ തടസ്സപ്പെടും. വ്യാഴാഴ്ച്ച സിദ്ധാന്തവും പരിഹരിക്കാനാകാത്ത ധാരാളം പ്രശ്നങ്ങൾ ഉണ്ടാക്കും. ബൈബിൾ പഠിപ്പിക്കുന്നതു അവൻ "മൂന്നാം നാൾ" ഉയിർത്തെഴുന്നേറ്റു എന്നാണ് - അല്ലാതെ "നാലാം ദിവസം" അല്ലെങ്കിൽ "അഞ്ചാം ദിവസം" അല്ല. അവൻ മരിച്ചതു വെള്ളിയാഴ്ച്ചയായിരുന്നു എന്നു, നൂറ്റാണ്ടുകളായി കണക്കാക്കപ്പെട്ടിരിക്കുന്നു. ചിലർ അതിനെ "ദുഃഖ വെള്ളി" എന്നുപോലും വിളിക്കുന്നു.

യോനായുമായുള്ള ബന്ധത്തിൽ മൂന്നു രാവിനെയും മൂന്നു പകലിനെയും കുറിച്ച് യേശു പറഞ്ഞു (മത്തായി 12:40) - എന്നാൽ അതു ആലങ്കാരികമായിരുന്നു, അല്ലാതെ അക്ഷരികമല്ല. അവൻ മൂന്നു പകലും, മൂന്നു രാത്രിയും മുഴുവൻ ആ കല്ലറയിൽ ആയിരുന്നെങ്കിൽ, ഉയിർത്തെഴുന്നേല്പു "നാലാം ദിവസമോ" അല്ലെങ്കിൽ "അഞ്ചാം ദിവസമോ" ആകുമായിരുന്നു. മനുഷ്യർ മണിക്കൂറുകൾ കണക്കാക്കുന്നു; ബൈബിൾ "മൂന്നാം നാൾ" എന്നു മാത്രമെ പറയുന്നുള്ളൂ. യെഹൂദന്മാരുടെ കണക്ക് അനുസരിച്ചു, വെള്ളി മുതൽ ഞായർ മൂന്നാം ദിവസമാണ്. യെഹൂദ പ്രമാണിമാർക്ക് ഇത് അറിയാമായിരുന്നു (മത്തായി 27:63). യേശു പറഞ്ഞതു അവർക്ക് അറിയാമായിരുന്നതുകൊണ്ടാണ് യെഹൂദന്മാർ പിലാത്തൊസിനോടു നടപടി എടുക്കുവാൻ ആവശ്യപ്പെട്ടത്. അവന്റെ ഉയിർത്തെഴുന്നേല്പിനുശേഷം അപ്പൊസ്തലന്മാർക്ക് ഇതു ഓർമ്മ വന്നു (ലൂക്കൊസ് 24:8; യോഹന്നാൻ 2:18–22). യേശു അർത്ഥമാക്കിയത് എന്ത് എന്നവർക്ക് അപ്പോൾ മനസ്സിലായി.

നമ്മുടെ മനസ്സിലുള്ള സൗമ്യനായ യേശുവിനെ പോലെയായി രുന്നില്ല, അവൻ ഹെരോദാവിനെ കുറിച്ചു പരുഷമായി സംസാരിച്ചത്: "നിങ്ങൾ പോയി, ആ കുറുക്കനോടു, പറവിൻ, 'ഞാൻ, ഇന്നും നാളെയും ഭൂതങ്ങളെ പുറത്താക്കുകയും രോഗശാന്തി വരുത്തുകയും, *മൂന്നാം നാളിൽ* സമാപിക്കയും ചെയ്യും'" (ലൂക്കൊസ് 13:32; എംഫസിസ് മൈൻ). അവൻ തീർച്ചയായും മൂന്നാം നാൾ തന്റെ ലക്ഷ്യത്തിലെത്തി – ഞായ റാഴ്ച്ച, അവൻ മരിച്ചവരിൽ നിന്നുയർത്തെഴുന്നേറ്റ ദിവസം!

### ഉയിർത്തെഴുന്നേല്പിന്റെ തെറ്റിക്കൂടാത്ത തെളിവുകൾ

"അവൻ കഷ്ടം അനുഭവിച്ചശേഷം നാല്പതുനാളോളം അവർക്കു പ്രത്യക്ഷനായി, ദൈവരാജ്യം സംബന്ധിച്ച കാര്യങ്ങൾ പറഞ്ഞുകൊണ്ടു താൻ ജീവിച്ചിരിക്കുന്നു എന്നു, അനേകം ദൃഷ്ടാന്തങ്ങളാൽ അവർക്കു കാണിച്ചു കൊടുത്തു" (പ്രവൃത്തികൾ 1:3). ക്രിസ്ത്യാനിത്വം കെട്ടപ്പെട്ടി രിക്കുന്നതു വിശ്വസനീയവും, പ്രത്യക്ഷവുമായ തെളിവുകളിന്മേലാണ്. മരണത്തെ സംബന്ധിച്ചു യേശുവിനു ഒന്നും ചെയ്യുവാൻ കഴിയുന്നില്ലെ ങ്കിൽ, അവൻ ചെയ്യുന്ന മറ്റെല്ലാം അപ്രസക്തമാകും. പ്രവൃത്തികളുടെ പുസ്തകം പുനരുത്ഥാനത്തെ തർക്കിക്കുകയല്ല – അതു പുനരുത്ഥാ നത്തെ പ്രഖ്യാപിക്കുകയാണ്! ക്രിസ്ത്യാനിത്വത്തെ ഉണ്ടാക്കിയതു മരിച്ച രക്ഷകൻ അല്ല. ലൈമാൻ അബോട്ട് പറഞ്ഞു, "ചരിത്രത്തിലെ ഏറ്റവും നല്ല സാക്ഷ്യപ്പെടുത്തിയ വസ്തുതയാണ് ക്രിസ്തുവിന്റെ ഉയിർപ്പ്."[3]

സന്ദർഭവശാലുള്ള തെളിവു യെഹൂദ ന്യായപ്രമാണം തള്ളുന്നു. രണ്ടോ അതിൽകൂടുതലോ സാക്ഷികളുടെ അടിസ്ഥാനത്തിലായിരുന്നു കോടതി വിധി (2 കൊരിന്ത്യർ 13:1). ദൈവം തിരുവെഴുത്തിൽ സാക്ഷി കൾക്ക് വളരെ പ്രാധാന്യം നല്കിയിട്ടുണ്ട്. ഏതു നിയമ കോടതിയിലും ഉയിർത്തെഴുന്നേല്പു നിലനില്ക്കും.

(1) *ശത്രുക്കൾ.* വിപരീതമായി തോന്നാവുന്ന വിധം, ശിഷ്യന്മാർ സംശയിച്ചപ്പോൾ ശത്രുക്കൾ വിശ്വസിച്ചു. യേശു മൂന്നാം നാൾ ഉയിർത്തെഴുന്നേല്ക്കുമെന്നു വാഗ്ദാനം ചെയ്തതായി അവർ പിലാ ത്തൊസിനെ മുന്നറിയിച്ചു. പിലാത്തൊസ് പറഞ്ഞു, "... പോയി [കല്ലറ] നിങ്ങളാൽ ആകുന്നെടത്തോളം ഉറപ്പുവരുത്തുവിൻ" (മത്തായി 27:65). വലിയൊരു കല്ലു കല്ലറയുടെ വാതില്ക്കൽ വെച്ചു കല്ലറ മുദ്ര വെച്ചു. പടയാളികളെ കല്ലറ കാക്കുവാനും ആക്കി. മാനുഷികമായി പറഞ്ഞാൽ, ആ ശരീരം മാറ്റുവാൻ മനുഷ്യരാൽ അസാധ്യമായിരുന്നു.

കല്ലു ഉരുട്ടി നീക്കിയതായും കല്ലറ തുറന്നിരിക്കുന്നതായും, സ്ത്രീ കൾ കണ്ടപ്പോൾ, "ശരീരം നോക്കാം!" എന്ന് ആരും ആർത്തുവിളി ച്ചില്ല! വീടുകൾ തോറും കയറി ശരീരം കണ്ടെത്താൻ ആരും പോയില്ല. ആ മൃതശരീരം കണ്ടെത്തുവാൻ സാധ്യമല്ല എന്നു യേശുവിന്റെ ശത്രു ക്കൾക്ക് അറിയാമായിരുന്നു! യേശുവിനെ പുറത്തു കടക്കുവാൻ അനു വദിച്ചു കല്ലുരുട്ടി മാറ്റിയതല്ല, എന്നാൽ മനുഷ്യർക്ക് പ്രവേശിക്കുവാൻ വേണ്ടിയായിരുന്നു. യെഹൂദ പ്രമാണിമാർക്കും, പരീശന്മാർക്കും, റോമാ പടയാളികൾക്കും പിലാത്തൊസിനും ഹെരോദാവിനും ഒന്നും ചെയ്യാൻ പറ്റാതായി. യേശു ഉയിർത്തെഴുന്നേറ്റതാണ് എന്നു അവർക്ക് അറിയാ

മായിരുന്നു! അവർ പെട്ടെന്ന് ആ വാർത്ത വ്യാപിക്കാതിരിക്കാൻ ശ്രമിച്ചു.

യേശുവിന്റെ മൃതശരീരം ആരും കണ്ടതായി ചരിത്രത്തിലൊരിടത്തുമില്ല. നിശബ്ദത അമ്പരപ്പിക്കുന്നതായിരുന്നു! അന്വേഷണമില്ലാതെ ഒരു മനുഷ്യശരീരം കണ്ടെത്തുക എന്നതു അത്ഭുതം തന്നെ ആയിരിക്കും. പത്രൊസ് ആദ്യമായി സുവിശേഷം പ്രസംഗിച്ചപ്പോൾ (പ്രവൃത്തികൾ 2), അവൻ ആ ശവക്കോട്ടയോടു അടുത്ത ബന്ധമുള്ളതായിട്ടാണ് പ്രസംഗിച്ചത്. അവന്റെ സന്ദേശം കേട്ട മൂവായിരംപേർ അനുസരിച്ചു. അവൻ അവരോടു, "ആകയാൽ നിങ്ങൾ ക്രൂശിച്ച ഈ യേശുവിനെ തന്നേ – ദൈവം കർത്താവും ക്രിസ്തുവും ആക്കിവെച്ചു എന്നു യിസ്രായേൽ ഗൃഹം ഒക്കെയും നിശ്ചയമായി അറിഞ്ഞുകൊള്ളട്ടെ" (പ്രവൃത്തികൾ 2:36). സംശയാലുക്കൾക്ക് ഈ ചോദ്യം നേരിടേണ്ടിയിരുന്നു: "ആ ശരീരത്തിനു എന്തു സംഭവിച്ചു?"

(2) *സ്ത്രീകൾ.* ഉയിർത്തെഴുന്നേറ്റ ക്രിസ്തു ആദ്യം പ്രത്യക്ഷനായതു മഗ്ദലക്കാരത്തി മറിയക്കായിരുന്നു (മർക്കൊസ് 16:9; യോഹന്നാൻ 20:1–18). സ്ത്രീകൾ കല്ലറ കാൺമാൻ വന്നതാണ്. ഇതിനു അവരെ ബഹുമാനിക്കണം! അവർ ഒരു ഉയിർത്തെഴുന്നേല്പു ഊഹിക്കുവാൻ ഒരിക്കലും മുതിർന്നിരുന്നില്ല എന്നു നിങ്ങൾ മനസ്സിലാക്കുമ്പോൾ അവരുടെ സാക്ഷ്യം ശക്തമായിരുന്നതായി കാണാം.  അവർ അപ്പൊസ്തലന്മാരെ കണ്ടു പറഞ്ഞപ്പോൾ, അവർ വിശ്വസിക്കാതെ അവരെ പരിഹസിച്ചു ചിരിച്ചു (മർക്കൊസ് 16:10, 11; ലൂക്കൊസ് 24:11). അപ്പൊസ്തലന്മാരെ യേശു അതിനു ശാസിക്കയുണ്ടായി (മർക്കൊസ് 16:14). അവർക്കു ജീവിക്കുന്ന ഒരു രക്ഷകനെ തിരിച്ചറിയുവാൻ കഴിയാത്തതുകൊണ്ടു അവരുടെ ശ്രദ്ധ മൃതശരീരം കണ്ടെത്തുന്നതിലായിരുന്നു!

(3) *യോഹന്നാൻ.* യോഹന്നാൻ കല്ലറക്കൽ എത്തി, നിന്നു, അതിനു ശേഷം പത്രൊസ് അകത്തു കടന്നു. കല്ലറക്കുള്ളിൽ ശരീരം പൊതിഞ്ഞ തുണി കണ്ടപ്പോൾ, അവൻ തെളിവുകൾ എല്ലാം യോജിപ്പിച്ചു. അവൻ കാണുകയും വിശ്വസിക്കുകയും ചെയ്തു (യോഹന്നാൻ 20:2–8).

(4) *അപ്പൊസ്തലന്മാർ.* ഭീരുക്കൾ രക്തസാക്ഷികളായി! ഇതെന്താണ് വിവരിക്കുന്നത്? ഉയിർത്തെഴുന്നേല്പ്! മത്തായി, മർക്കൊസ്, ലൂക്കൊസ്, യോഹന്നാൻ, പത്രൊസ്, പൗലൊസ് എന്നിവർ ദൃക്സാക്ഷികളായിരുന്നു. നിങ്ങൾ അവരെ നുണയന്മാർ എന്നു മുദ്ര കുത്തുമോ? നിങ്ങൾക്ക് ബൈബിളിലെ സുവിശേഷ വിവരണങ്ങൾ വിശ്വസിക്കുവാൻ കഴിയുമോ? ഒന്നാം റാങ്കുള്ള ചരിത്രകാരനായിട്ടാണ് ലൂക്കൊസിനെ പണ്ഡിതന്മാർ കണക്കാക്കുന്നത്. പ്രാരംഭ സഭയുടെ ഉത്ഭവവും, വളർച്ചയും, തുടർന്നുള്ള നിലനില്പും നിങ്ങൾക്ക് എങ്ങനെ വിവരിക്കാൻ പറ്റും? ഉയിർത്തെഴുന്നേല്പിൽ നിന്നാണ് അവയെല്ലാം ഉണ്ടാകുന്നത്!

(5) *"സംശയിക്കുന്ന" തോമസ്.* യേശുവിന്റെ മരണത്തിൽ തോമസ് നിരുത്സാഹപ്പെട്ടിരുന്നു. ആദ്യത്തെ സഭായോഗം അവൻ നഷ്ടമാക്കി (നോക്കുക യോഹന്നാൻ 20:24–29). ആ പരാജയം അവന്റെ ആത്മാവിന് വിനാശകരമായിരുന്നു. ശിഷ്യന്മാർ അവനെ തിരക്കി പോയി. നാം ഇതു ഇന്നു പഠിച്ചു പരിശീലിക്കണം (ഗലാത്യർ 6:1, 2; യാക്കൊബ് 5:19, 20; യൂദാ 22, 23). അടുത്ത പ്രാവശ്യം അവൻ സന്നിഹിതനായിരുന്നു. അവ

നോടു പരുഷമാകാതിരിക്കുക. നിങ്ങൾ എപ്പോഴെങ്കിലും ഉയിർത്തെഴുന്നേറ്റ ഒരാളെ കണ്ടിട്ടുണ്ടോ? അത്തരം അവകാശം നിങ്ങൾ വിശ്വസിക്കുമോ? തോമസ് "വിരലടയാളം" ആവശ്യപ്പെട്ടു. യേശു അതു സ്വാഗതം ചെയ്തു! തോമസ് പറഞ്ഞു, "എന്റെ കർത്താവും എന്റെ ദൈവവുമായുള്ളോവേ!"

(6) *അപ്പൊസ്തലനായ പൗലൊസ്.* പിന്നീടുണ്ടായ ശൗലിന്റെ (പൗലൊസ്) പരിവർത്തനം മതി അവന്റെ ഉയിർത്തെഴുന്നേല്പു തെളിയിക്കുവാൻ. പ്രവൃത്തികൾ 9-ൽ നിന്നും 22-ൽ നിന്നും അവന്റെ കഥ വായിക്കുക. ഉപദ്രവിക്കുന്നവൻ ഉപദേഷ്ടാവായി മാറി! എന്തുകൊണ്ട്? ഉയിർത്തെഴുന്നേറ്റ രക്ഷകനെ അവൻ കണ്ടു (1 കൊരിന്ത്യർ 9:1; 15:8). അവനു സംശയം ഉണ്ടായില്ല. അവൻ തന്റെ വിശ്വാസത്തിനും പ്രസംഗത്തിനും വേണ്ടിയായിരുന്നു മരിച്ചത്. പൗലൊസ് ശാരീരികമായ പുനരുത്ഥാനം പ്രസംഗിക്കയും വിശ്വസിക്കുകയും ചെയ്തു.

(7) *പ്രത്യക്ഷതകൾ.* പത്തു ഉയിർത്തെഴുന്നേല്പു പ്രത്യക്ഷതകളെ മിക്ക പണ്ഡിതന്മാരും പറയുന്നുണ്ട്, അതേസമയം ചിലർ പന്ത്രണ്ടുണ്ടെന്നും പറയുന്നു:

- മഗ്ദലക്കാരത്തി മറിയക്ക് (മർക്കൊസ് 16:9-11; നോക്കുക യോഹന്നാൻ 20:1-18)
- മറ്റു സ്ത്രീകൾക്ക് (മത്തായി 28:1-10)
- ശിമോൻ പത്രൊസിനു (ലൂക്കൊസ് 24:34)
- എമ്മൗസിലേക്കുള്ള വഴിയിൽ രണ്ടുപേർക്ക് (ലൂക്കൊസ് 24:13-32; നോക്കുക മർക്കൊസ് 16:12)
- തോമസ് ഇല്ലാതെ, പത്ത് അപ്പൊസ്തലന്മാർക്ക് (യോഹന്നാൻ 20:19-25; നോക്കുക മർക്കൊസ് 16:14; ലൂക്കൊസ് 24:36-49)
- തോമസോടുകൂടെ, പതിനൊന്നു അപ്പൊസ്തലന്മാർക്ക് (യോഹന്നാൻ 20:26-29)
- ഗലീലാക്കടലിനരികിൽ വെച്ചു ഏഴു ശിഷ്യന്മാർക്ക് (യോഹന്നാൻ 21:1-23)
- ഗലീലിയിൽ വെച്ചു പതിനൊന്നു അപ്പൊസ്തലന്മാർക്ക് (മത്തായി 28:16-20; നോക്കുക മർക്കൊസ് 16:15-18)
- അഞ്ഞൂറിലധികം സഹോദരന്മാർക്ക് (1 കൊരിന്ത്യർ 15:6)
- യാക്കൊബിന്ന് (1 കൊരിന്ത്യർ 15:7)
- പതിനൊന്നു അപ്പൊസ്തലന്മാർക്ക് (ലൂക്കൊസ് 24:50-53)
- പൗലൊസിനു (1 കൊരിന്ത്യർ 15:8; നോക്കുക പ്രവൃത്തികൾ 9; 26).

യേശു തന്റെ ശത്രുക്കൾക്കു മുൻപിൽ പ്രത്യക്ഷനായില്ല എന്നതു ശ്രദ്ധിക്കുക - അവന്റെ ശത്രുക്കളായ മതാദ്ധ്യക്ഷന്മാരായിരുന്ന യെഹൂദന്മാരുടെയോ, പിലാത്തൊസിന്റെയോ, അല്ലെങ്കിൽ ഹെരോദാവിന്റെയോ മുൻപിൽ അവൻ പ്രത്യക്ഷനായില്ല. അവൻ തന്റെ ശിഷ്യന്മാർക്കാണ് പ്രത്യക്ഷനായത്.

സാക്ഷികൾ സംസാരിച്ചിരിക്കുന്നു!

### വിപരീതാർത്ഥ ഭാഗങ്ങൾ

ബൈബിൾ താല്പര്യം ജനിപ്പിക്കുന്ന ഒരു പുസ്തകമാണ്. മനുഷ്യനു അതു എഴുതുവാൻ കഴിയുമായിരുന്നില്ല. നമുക്കു കഴിയുമെങ്കിലും നാം അതു എഴുതുമായിരുന്നില്ല. ആ വസ്തുത ദൈവശ്വാസിയതക്കു ഒരു ശക്തമായ വിവാദമാണ്.

(1) *സ്ത്രീകൾ.* ദൂതന്മാരും യേശുവും ആദ്യം സ്ത്രീകൾക്കു പ്രത്യക്ഷരായി! സ്ത്രീകൾ സുഗന്ധവസ്തുക്കളുമായി വന്നു. അതൊരു മനോഹര സന്ദർഭമായിരുന്നു, എന്നാൽ പ്രായോഗികമായിരുന്നില്ല. പിന്നെ അതു അവർക്കു സംഭവിച്ചു: ആരാണ് കല്ലു നീക്കുന്നത്? അതിനു ശക്തിയുള്ള പല പുരുഷന്മാരെ ആവശ്യമായിരുന്നു, പക്ഷെ അതിനു ഒരു ദൂതൻ മാത്രം വേണ്ടിവന്നു!

(2) *പടയാളികൾ.* ഒരു കൂട്ടം പടയാളികൾ ഒരു കല്ലറ കാത്തു നില്ക്കുന്നതിനേക്കാൾ പരിഹാസ്യം മറ്റെന്തെങ്കിലുമുണ്ടോ? ഒരു ഭൂമികുലുക്കം ഉണ്ടായി; അപ്പോൾ ഒരു ദൂതൻ കല്ലു നീക്കി (മത്തായി 28:2). കാവൽക്കാർ മരിച്ചവരെ പോലെയായി. അവർ ശാസിക്കപ്പെട്ടോ? “ശരീരം കണ്ടെടുത്തു കൊണ്ടുവാ” എന്നു അവരോടു, കല്പിച്ചുവോ? ഇല്ല! അവർ ഉറങ്ങിപോയി എന്നു പറയുവാൻ മഹാപുരോഹിതന്മാർ പടയാളികൾക്ക് കൈക്കൂലിയായി വലിയ തുക കൊടുത്തു (മത്തായി 28:11-15)! ഡ്യൂട്ടിക്കിടയിൽ ഉറങ്ങിപോകുന്നതായി കണ്ടാൽ പടയാളി കൊടുക്കേണ്ട വില വലുതാണ് - പക്ഷെ ഇക്കാര്യത്തിൽ അങ്ങനെ അല്ല!

(3) *എമ്മൗസിലേക്കുള്ള വഴിയിലായിരുന്ന ശിഷ്യന്മാർ.* തകർന്നു പോയ രണ്ടു ശിഷ്യന്മാർ റോഡിൽ കൂടെ നടന്നു പോയപ്പോൾ യേശു അവരോടു ചേർന്നു നടന്നു (ലൂക്കൊസ് 24:13-32). യെരുശലേമിൽ സംഭവിച്ചതൊന്നും യേശു “അറിയായ്കയാൽ” അവർ അതിശയിച്ചു. അവരാണ് അതു നഷ്ടമാക്കുവാൻ കാരണക്കാർ! യേശു, തിരുവെഴുത്ത് എടുത്തു അവരോടു സുവിശേഷം അറിയിച്ചു. അവൻ അപ്പം എടുത്തു വാഴ്ത്തുന്നതുവരെ അവർ യേശുവിനെ തിരിച്ചറിഞ്ഞില്ല.

### ഉയിർത്തെഴുന്നേല്പിന്റെ ശക്തി

യേശുവിനെ മരിച്ചവരിൽനിന്നും ഉയിർപ്പിച്ച അതേ ശക്തിക്കു പാപികൾക്ക് നവജീവൻ പ്രദാനം ചെയ്യുവാൻ കഴിയും. ക്രിസ്തുവിന്റെ മരണം, അടക്കം, ഉയിർപ്പു എന്നിവയോടു പങ്കാളിയാകുവാൻ സ്നാനം ഏല്ക്കുന്നതോടെ പുതിയ ജീവിതം ആരംഭിക്കുകയാണ് (റോമർ 6:3-7). ക്രിസ്തുവിനോടു ചേരുവാൻ ക്രിസ്തുവിനോടുകൂടെ അടക്കപ്പെടുന്നതാണ് ഒരു പാപിക്കു ലഭിക്കുന്ന ഏറ്റവും വലിയ നേട്ടം!

പൗലൊസ് പറഞ്ഞു, “... ഞാൻ അവനേയും അവന്റെ ഉയിർത്തെഴുന്നേല്പിന്റെ ശക്തിയും അറിയേണ്ടതിനു” (നോക്കുക ഫിലിപ്പിയർ 3:7-11). നഷ്ടപ്പെട്ടവരെ തിരഞ്ഞു രക്ഷിക്കുന്നതാണ് സഭയുടെ ജീവനും നാഡിയും. ഇതു ഉയിർത്തെഴുന്നേറ്റ കർത്താവിന്റെ സന്ദേശമായ, സുവിശേഷത്തിന്റെ ശക്തിയാലാണ് നടത്തേണ്ടത്. ജയിച്ച വിജയം ആയിരുന്നു ക്രൂശ്; ദൈവം ഭരമേല്പിച്ച ത്യാഗമരണം സ്വീകരിക്കുകയും, സാധൂകരിക്കയും ചെയ്തതായിരുന്നു ഉയിർത്തെ

ഴുന്നേല്പ്. മരണത്തിനു യേശുവിനെ പിടിച്ചുവെക്കുവാൻ കഴിഞ്ഞില്ല (പ്രവൃത്തികൾ 2:22–36). യേശു മരണത്താൽ മരണത്തെ തോല്പിച്ചു നീക്കിക്കളഞ്ഞു (2 തിമൊഥെയൊസ് 1:10). "മരണത്തിന്റെ മരണത്തെ" യാണ് ക്രൂശ് അടയാളപ്പെടുത്തുന്നത്. സാത്താനിൽ നിന്നു യേശു മരണത്തെ എടുത്തുകളഞ്ഞു; അവൻ നമ്മെ മരണത്തിന്റെ "വിഷമുള്ളിൽ" നിന്നു വിടുവിച്ചു (1 കൊരിന്ത്യർ 15:54–57). ക്രിസ്തുവിന്റെ മരണത്താലാണ് പാപികൾ രക്ഷിക്കപ്പെടുന്നത് – അല്ലാതെ അവന്റെ ഉയിർത്തെഴുന്നേല്പിനാലല്ല.

യേശു, തന്റെ മരണത്താൽ, നമ്മെ പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽ നിന്നു മോചിപ്പിച്ചു (റോമർ 8:1, 2). പാപത്തെ കീഴ്പ്പെടുത്തുവാൻ മരണത്തെ നീക്കേണ്ടിയിരുന്നു. യേശു സ്വർഗ്ഗത്തിലേക്കു മടങ്ങിയതു തന്റെ രക്തവുമായിട്ടാണ് (എബ്രായർ 10). അവൻ നമ്മുടെ "ജീവനും പുനരുത്ഥാനവും" ആകുന്നു (യോഹന്നാൻ 11:25, 26), വെറും "അമർത്യതയും ജീവനും" അല്ല. നരകം അമർത്യമാണ്. നമ്മുടെ ആത്മാക്കളും അമർത്യമാണ്. യേശു നിത്യ "പുനരുത്ഥാനം" ആണ്! നമുക്കു മാറ്റമുണ്ടാകുമെന്നു പൗലൊസ് വാഗ്ദാനം ചെയ്തിട്ടുണ്ട് (1 കൊരിന്ത്യർ 15:50–58). ക്രിസ്തു ഉയിർത്തെഴുന്നേറ്റില്ലെങ്കിൽ, നമ്മുടെ വിശ്വാസം വ്യർത്ഥമത്രെ (1 കൊരിന്ത്യർ 15:12–19).

യേശുവിന്റെ പുനരുത്ഥാനം നമ്മുടേതിനു ഉറപ്പു നല്കുന്നു. യെരുശലേം സെമിത്തേരിയിൽ ദൈവം യേശുവിനോടു ചെയ്തതു, അവൻ നമ്മോടും ചെയ്യും. നമ്മെ സൃഷ്ടിച്ചത് മരിക്കുന്നതിനല്ല, ജീവിക്കുന്നതിനാണ്. *കൃത്യമായി ഇപ്പോൾ,* ഉയിർത്തെഴുന്നേല്പിന്റെ പ്രത്യാശ, എന്ന ഉപദേശം എന്താണ്? എന്റെ ജീവിതം നിഷ്ഫലമല്ല; അതിനു ഒരു ഉദ്ദേശം ഉണ്ട്. എന്റെ പരാജയം വിനാശകരമല്ല; അവ ക്ഷമിക്കപ്പെടുന്നു. എന്റെ മരണം അന്യമല്ല; ഒരു പുനരുത്ഥാനം ഉണ്ട്. എന്തൊരു പ്രത്യാശ! നാം യേശുവിനെ പോലെ ആകും! അവൻ ക്രൂശിൽ ആയിരുന്നപ്പോൾ, സാത്താനെ തോല്പിച്ചു, പാപത്തെ അതിജീവിച്ചു, മരണത്തെ നീക്കിക്കളഞ്ഞു. "നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം നമുക്കു ജയം നല്കുന്ന, ദൈവത്തിനു സ്തോത്രം" (1 കൊരിന്ത്യർ 15:57).

*ക്രൂശ് ...*
*അല്ലാതെ മറ്റൊരു വഴി ഇല്ല!*

---

കുറിപ്പുകൾ

[1]എൻ. റ്റി. (റ്റോം) റൈറ്റ്, *ലൂക്ക് ഫോർ എവരിവൺ* (ലൂയീസ്വില്ലേ, കെവൈ. വെസ്റ്റ് മിൻസ്റ്റർ ജോൺ നോക്സ് പ്രെസ്, 2004), 296–97. [2]നോക്കുക പ്രവൃത്തികൾ 2:24, 32; 3:15, 26; 4:10; 5:30; 10:40; 13:30, 33, 34; 17:31; റോമർ 10:9; 1 കൊരിന്ത്യർ 6:14; 2 കൊരിന്ത്യർ 4:14; ഗലാത്യർ 1:1; എഫെസ്യർ 1:20. [3]ലേമാൻ അബ്ബോട്ട്, *ദ തിയോളജി ഓഫ് ആൻ എവൊല്യൂഷനിസ്റ്റ്* (ന്യൂയോർക്ക്: ഔട്ട്ലുക്ക്, കമ്പനി., 1925), 129.

© 2009 Truth for Today